(ബി) ഉണ്ട്. സ്കൂൾ പ്രവേശനത്തിന് കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് 2004-2005 അദ്ധ്യയന വർഷം മുതൽ നിർബന്ധമാക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ സെൻസസ് കമ്മീഷണർ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിരുന്നു. സ്കൂൾ രജിസ്റ്ററിൽ ജനന സർട്ടിഫിക്കറ്റിൽ നിന്നും വ്യത്യസ്തമായ ജനനത്തീയതി രേഖപ്പെടുത്തുന്നതുമൂലം ഭാവിയിൽ കുട്ടികൾക്ക് ഉണ്ടാകാവുന്ന പ്രയാസങ്ങൾ കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ ഇത്തരമൊരു നിർദ്ദേശം നൽകിയത്.

ഉത്തരക്കടലാസ്സുകളുടെ പുനർ മൂല്യനിർണ്ണയം

122 [705] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരക്കടലാസ്സുകളുടെ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുമ്പോൾ അത്തരം അപേക്ഷകളിൻമേൽ കേരള സർവ്വകലാശാല സ്വീകരിക്കുന്ന അനന്തര നടപടിയെന്ത്;

(ബി) 2002, 2003, 2004 എന്നീ വർഷങ്ങളിൽ പുനർ മൂല്യനിർണ്ണയത്തിനുള്ള എത്ര അപേക്ഷകൾ കേരള സർവ്വകലാശാലയിൽ ലഭിച്ചു;

(സി) ആൻസർ സ്ക്രിപ്റ്റ് നഷ്ടപ്പെട്ടതുമൂലം എത്ര ഉത്തരക്കടലാസ്സുകൾ ഈ കാലത്ത് പുനർമൂല്യനിർണ്ണയം ചെയ്യാൻ കഴിയാതെ വന്നു;

(ഡി) മറ്റു കാരണംകൊണ്ട് എത്ര ആൻസർ സ്ക്രിപ്റ്റുകൾ പുനർമൂല്യ നിർണ്ണയം ചെയ്യാൻ കഴിയാതെ വന്നു?

ഉത്തരം

(എ) അപേക്ഷകളെല്ലാം ലഭിച്ചാലുടൻ തന്നെ പുനർ മൂല്യനിർണ്ണയത്തിനുള്ള ഉത്തരക്കടലാസ്സുകൾ അതാത് അദ്ധ്യാപകരിൽ നിന്ന് മടക്കി വാങ്ങിയതിനുശേഷം പുനർ മൂല്യനിർണ്ണയം നടത്തി അതിന്റെ ഫലം കുട്ടികളെ അറിയിക്കുകയാണ് ചെയ്യുന്നത്.

(ബി) കേരള സർവ്വകലാശാലയിൽ താഴെപ്പറയുന്ന വിധത്തിൽ പുനർമൂല്യ നിർണ്ണയത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്:

വർഷം		*എണ്ണം*
2002	-	11,263
2003	-	11,192
2004	-	10,609

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉത്തരക്കടലാസ്സുകൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല.

(ഡി) മറ്റു കാരണങ്ങൾ കൊണ്ട് താഴെപ്പറയുന്നത്ര ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

വർഷം		എണ്ണം
2002	-	538
2003	-	548
2004	-	487

2004 വർഷത്തെ അപേക്ഷകളിൻമേൽ പുനർ മൂല്യനിർണ്ണയത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു എന്നും സർവ്വകലാശാലാ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയം

123 [706] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എത്ര സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു;

(ബി) ഇങ്ങനെ ആരംഭിച്ച സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇത്തരം സ്കൂളുകളിൽ ഡിവിഷൻഫാൾ ഉണ്ടായിട്ടുണ്ടോ;

(ഡി) ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കാത്ത സ്കൂളുകളിൽ ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 42.

ഗവ. എൽ. പി. സ്കൂൾ	-	13
ഗവ. യു. പി. സ്കൂൾ	-	5
ഗവ. ഹൈസ്കൂൾ	-	24

LIBRARY ARCHIVES Kerala Legislative Assembly